E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (1) 62335//2012

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 01.08.2013

# സർക്കുലർ നമ്പർ 35 A/13

വിഷയം : സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള ഓണറേറിയവും ഭരണ സമിതി അംഗങ്ങൾക്കുള്ള ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നി വയും പരിഷ്കരിച്ചത് - പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ഭരണ സമിതി അംഗങ്ങൾക്ക് അനുവദിച്ച സിറ്റിംഗ് ഫീസ് - ഭേദഗതി - സംബന്ധിച്ച്.

സൂചന : സഹകരണ സംഘം രജിസ്ട്രാറുടെ 35/2013 നംപർ സർക്കുലർ.

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർക്കും, വൈസ് പ്രസിഡന്റുമാർക്കുമുള്ള ഓണറേറിയവും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ യുള്ള ഭരണസമിതി അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവയും പുതുക്കി നിശ്ചയിച്ചു കൊണ്ട് സൂചനപ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെയുള്ളവരുടെ സിറ്റിംഗ് ഫീസ് നിലവിലുള്ള 400/- രൂപ എന്നതിൽ നിന്നും 500/- രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും സൂചനയിലെ സർക്കുലറിൽ പരി ഷ്ക്കരിച്ച തുക 400/- രൂപയായി തന്നെയാണ് രേഖപ്പെടുത്തിയിരുന്നത്. ആയതിനാൽ ടി വിഭാ ഗത്തിന് പരിഷ്ക്കരിച്ച തുക സൂചനയിലെ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി 500/- രൂപയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു. സൂചനയിലെ സർക്കുലറിലെ മറ്റ് വ്യവസ്ഥ കൾക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1) സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2) രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി. (ഉപരിപത്രം സഹിതം).
3) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
4) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർക്ക്.
5) എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
7) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
8) സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും.
9) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
10) സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.